(ഡി) ഈ സാമ്പത്തിക വർഷംതന്നെ ആംബുലൻസ് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മഞ്ചേരി ജില്ലാ ആശുപത്രി

1095 [2023] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രി റഫറൽ ആശുപത്രിയാക്കി ഉയർത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടതായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(സി) ഈ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ഉദിക്കുന്നില്ല.

പുന്നയൂരിൽ ഗവൺമെൻറ് ആശുപത്രി

1096 [2024] ശ്രീ. പി. കെ. കെ. ബാവ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പുന്നയൂർ പഞ്ചായത്തിൽ ആശുപത്രികൾ ഇല്ലെന്ന വസ്തുത പരിഗണിച്ച് ഒരു ഗവൺമെൻറ് ആശുപത്രി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പുന്നയൂർ പഞ്ചായത്തിൽ ഇപ്പോൾ ഒരു ഗവൺമെൻറ് റൂറൽ ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്.

ഏഴാം പഞ്ചവൽസര പദ്ധതിക്കാലത്ത്, ഇപ്പോൾ അലോപ്പതി ചികിൽസാ സൗകര്യങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുക എന്നതാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള നയം. ആയതിനാൽ പുന്നയൂർ പഞ്ചായത്തിൽ ഒരു ഗവൺമെൻറ് ആശുപത്രി സ്ഥാപിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

വൈക്കത്തെ താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രി

1097 [2025] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വൈക്കത്തെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ യോഗ്യതയുള്ള ഡോക്ടർമാർ ഇപ്പോഴും ഇല്ല എന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഈ ആശുപത്രിയിൽ ആവശ്യമുള്ള ഡോക്ടർമാരെ ഉടനെ നിയമിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ തസ്തികകളിലും ഡോക്ടർമാർ ജോലി ചെയ്തുവരുന്നു. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല.

കുണ്ടുതോട് ഗവൺമെൻറ് ഡിസ്പെൻസറി

1098 [2027] ശ്രീ. കെ. ടി. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടുതോട് ഗവൺമെൻറ് ഡിസ്പെൻസറി ഒരു പ്രൈമറി ഹെൽത്ത് സെൻറർ ആയി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കാമോ?

ഉത്തരം

(എ, ബി) 24-12-1985-ലെ ജി. ഒ. എം. എസ്. 215/85/ആ.കു.വ. പ്രകാരം കുണ്ടുതോട് ഗവൺമെൻറ് ഡിസ്പെൻസറി ഒരു പ്രാഥമികാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.

മരുതോങ്കര വില്ലേജിലെ മെഡിക്കൽ സബ് സെൻറർ

1099 [2028] ശ്രീ. കെ. ടി. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുതോങ്കര വില്ലേജിൽ ഒരു മെഡിക്കൽ സബ് സെൻറർ പുതുതായി അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ മുതൽ പ്രസ്തുത സെൻററിൻറെ പ്രവർത്തനം തുടങ്ങുമെന്ന് പറയുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly